ഇ-ഗവേണൻസ് പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക തുടങ്ങിയ സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിച്ചതായി കാണുന്നില്ല.

(സി&ഡി) കേരളത്തിന് കേന്ദ്ര ബഡ്ജറ്റ് പ്രകാരം എന്ത് തുക വിഹിതമായി ലഭിക്കുമെന്നത് സംബന്ധിച്ച് കൃത്യമായ വിവരം ലഭിച്ചിട്ടില്ല. അതിനാൽ വിഹിതം സംബന്ധിച്ചും കേരളത്തിനോട് അവഗണന കാട്ടിയിട്ടുണ്ടോയെന്നത് സംബന്ധിച്ചും നിലപാട് വ്യക്തമാക്കുന്നതിനോ എന്ത് നടപടി സ്വീകരിക്കുമെന്ന് പറയുന്നതിനോ ഇപ്പോൾ സാധിക്കുകയില്ല.

2015-16-ലെ കേന്ദ്ര ബഡ്ജറ്റ് വിലയിരുത്തൽ

78 (T* 3045) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഉന്നയിച്ച പ്രശ്നങ്ങളുടെയും പരിഹാര നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2015-16-ലെ കേന്ദ്ര ബഡ്ജറ്റിനെ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) കേന്ദ്രബഡ്ജറ്റിലെ സംസ്ഥാനത്തിനുള്ള പദ്ധതി അടങ്കലുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളെ സംബന്ധിച്ച് വിശദമാക്കാമോ ; ഇത് മുൻവർഷത്തേതിനേക്കാൾ എത്ര ശതമാനം കൂട്ടുകയോ കുറയുകയോ ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) നിലവിലുള്ള ഏതെല്ലാം പദ്ധതികൾക്ക് തുക കൂടുതൽ വകയിരുത്തപ്പെട്ടിട്ടുണ്ട് ; കൂടുതലായി നീക്കിവച്ചിട്ടില്ലാത്തവ ഏതൊക്കെ ; വിശദമാക്കാമോ ;

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന് ലഭിക്കാവുന്ന രാസവളം, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവയുള്ള സബ്സിഡികൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ഇ) ബഡ്ജറ്റിലൂടെ കേന്ദ്രത്തിൽനിന്നും വിവിധ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന സംസ്ഥാനത്തിന്റെ വരുമാന മാർഗ്ഗങ്ങൾ വിശദമാക്കാമോ ; എത്ര ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു ;

(എഫ്) യു.പി.എ. സർക്കാരും എൻ.ഡി.എ. സർക്കാരും ബഡ്ജറ്റിൽ സ്വീകരിച്ച സാമ്പത്തിക നയസമീപനങ്ങളിൽ വ്യത്യാസം ഉള്ളതായി കരുതുന്നുണ്ടോ ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിലയിരുത്തൽ നടത്തിയിട്ടില്ല.

(ബി) കേന്ദ്രഗവൺമെന്റിന്റെ പദ്ധതിചെലവ് 2014-15(BE)-ൽ 575000 കോടി രൂപ ആയിരുന്നത് 2015-16-ൽ 465277 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. സംസ്ഥാനങ്ങളുടെ പദ്ധതിക്കുള്ള കേന്ദ്രസഹായം 2014-15(BE)-ൽ 196743 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. ഇത് കാണിക്കുന്നത് 134021 കോടി രൂപയുടെ കുറവാണ്. ഈ കണക്കുകൾ മുഴുവൻ സംസ്ഥാനങ്ങളെയും സംബന്ധിച്ചാണ്. ഇതിന്റെ ഭാഗമായി കേരളത്തിനുണ്ടാകാൻ സാദ്ധ്യതയുള്ള കേന്ദ്രസഹായത്തിലെ കുറവ് ഇപ്പോൾ കണക്കാക്കാൻ കഴിയുകയില്ല.

(സി) സംസ്ഥാനങ്ങളുടെ വാർഷിക പദ്ധതികൾക്കുള്ള കേന്ദ്രസഹായം നാല് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ കാറ്റഗറി (എ)-യിൽ വരുന്ന സ്കീമുകളിൽ 34 എണ്ണം കേന്ദ്രഗവൺമെന്റ് പൂർണ്ണമായി ഫണ്ട് അനുവദിക്കുന്നതാണ്. ഈ പദ്ധതികൾക്കുള്ള സഹായം 2014-15 (BE)-ൽ 1185/37.70 കോടി രൂപയായിരുന്നത് 2015-16 (BE)-ൽ 118512.21 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. കാറ്റഗറി (ബി)യിൽ വരുന്ന 24 സ്കീമുകൾ കേന്ദ്രഗവൺമെന്റ് ഭാഗികമായി ഫണ്ട് അനുവദിക്കുന്നതാണ്. ഇവയ്ക്കുള്ള കേന്ദ്രസഹായം 2014-15-ലെ 138524.25 കോടിയിൽനിന്നും 2015-16-ൽ 103021.65 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. 26% കുറവാണ് ഇത് രേഖപ്പെടുത്തുന്നത്. കാറ്റഗറി (സി)യിൽ വരുന്ന എട്ട് പദ്ധതികളെ കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിക്കുന്ന പദ്ധതികളുടെ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ പദ്ധതികൾക്കുള്ള 2014-15 (BE)-ലെ സഹായം 5928.99 കോടി രൂപയായിരുന്നു. ഇതുകൂടാതെ കാറ്റഗറി (ഡി)യിൽ ഉൾപ്പെടുന്ന മറ്റ് പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിക്കുന്നതല്ല. ജെ.എൻ.എൻ.യു.ആർ.എം. സാധാരണ കേന്ദ്രസഹായം, എല്ലാതരത്തിലുമുള്ള പ്രത്യേക കേന്ദ്രസഹായം എന്നിവ (വിദേശ സഹായ പദ്ധതികൾക്കുള്ള കേന്ദ്രസഹായം ഒഴികെ) ഈ വിഭാഗത്തിൽപ്പെടും. ഈ വിഭാഗത്തിലുള്ള 2014-15-ലെ വിഹിതം 67773.14 കോടി രൂപയാണ്. കേന്ദ്രസഹായം അനുവദിക്കുന്ന രീതികൾ സംബന്ധിച്ച് വ്യക്തത കൈവരാത്തതിനാൽ മേൽപ്പറഞ്ഞ കാര്യങ്ങളുണ്ടാക്കുന്ന പ്രത്യാഘാതം ഇപ്പോൾ കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങൾക്ക് വീതിച്ചുനൽകുന്ന ഫണ്ട്, പദ്ധതി സഹായം, ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ ഗണങ്ങളിൽപ്പെടുന്നതാണ്. പദ്ധതി സഹായം സംബന്ധിച്ച വിശദാംശങ്ങൾ ഇപ്പോൾ കണക്കാക്കാൻ കഴിയാത്ത സാഹചര്യം മുകളിൽ (സി) വിഭാഗം ചോദ്യത്തിനുത്തരമായി നൽകിയിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് സംസ്ഥാനത്തിന് പൊതുവെ ഗുണകരമാണ്. 2014-15-ൽ കേന്ദ്രനികുതികളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വിഹിതം 7926.29 കോടി രൂപയായിരുന്നു. ഇത് 2015-16-ൽ 13121.77 കോടി രൂപയായി ഉയരാൻ സാദ്ധ്യതയുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് 2014-15-ലെ മുകയായ 9493.87 കോടി രൂപയിൽ നിന്നും 9946.28 കോടി രൂപയായി വർദ്ധിക്കുന്നതാണ്. ഇത് കാണിക്കുന്നത് കേന്ദ്രനികുതികൾ, ഡ്യൂട്ടികൾ എന്നിവയുടെ സംസ്ഥാനത്തിനുള്ള വിഹിതത്തിൽ 65% വർദ്ധനവുണ്ടാകുമെന്നാണ്.

(എഫ്) വിലയിരുത്തിയിട്ടില്ല.

കേരള പരിപ്രേക്ഷ്യ പദ്ധതി 2030

79 (3046) ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന് രൂപം കൊടുത്തിട്ടുണ്ടോ ;

(ബി) പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly